**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കേരള ഹയർ സെക്കന്ററിയിലെ കൊമേഴ്സ് കോഴ്സിലെ അക്കൗണ്ടൻസി വിത്ത് കമ്പ്യൂട്ടർ അക്കൗണ്ടിങ്ങ് എന്ന വിഷയം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് അക്കൗണ്ടിങ്ങ് പാക്കേജ് എന്ന കോഴ്സുമായി തുല്യതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ്**

സ.ഉ.(കൈ) നം.131/2026/GEDN    തീയതി,തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി ഡയറക്ടറുടെ 06/11/2025 തീയതിയിലെ SCERT/3163/2025-CLP3 നമ്പർ കത്ത്
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 06/12/2025 തീയതിയിലെ എച്ച്എസ്ഇ/25303/2025-എസിഡി.എസ്.പി.എൽ3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള ഹയർ സെക്കൻഡറി വിഭാഗം കൊമേഴ്സ് കോഴ്സിലുള്ള Accountancy with Computer Accounting എന്ന വിഷയം Computer Application & Accounting (Theory & Practical) എന്ന കോഴ്സിന് തുല്യമായി പരിഗണിക്കണമെന്ന ആവശ്യം സംബന്ധിച്ച് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം) എന്നിവർ പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ 2005 ൽ കേരള ഹയർസെക്കൻഡറി വിഭാഗം കൊമേഴ്സ് കോഴ്സിനുവേണ്ടി തയ്യാറാക്കിയ Accountancy with Computer Accounting എന്ന വിഷയത്തിൽ വളരെ വിശദമായ നിലയിൽ ടാലി, എം.എസ്. എക്സൽ എന്നീ മേഖലകൾ ഉൾപ്പെടുന്നുണ്ടെന്നും ആയതിനാൽ കേരള ഹയർ സെക്കന്ററിയിലെ കൊമേഴ്സ് കോഴ്സിലെ അക്കൗണ്ടൻസി വിത്ത് കമ്പ്യൂട്ടർ അക്കൗണ്ടിങ്ങ് എന്ന വിഷയം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് അക്കൗണ്ടിങ്ങ് പാക്കേജ് എന്ന കോഴ്സുമായി തുല്യതപ്പെടുത്താവുന്നതാണെന്നും എസ്.സി.ഇ.ആർ.ടി ഡയറക്ടറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ, കേരള ഹയർ സെക്കന്ററിയിലെ കൊമേഴ്സ് കോഴ്സിലെ അക്കൗണ്ടൻസി വിത്ത് കമ്പ്യൂട്ടർ അക്കൗണ്ടിങ്ങ് എന്ന വിഷയം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ്

അക്കൗണ്ടിങ്ങ് പാക്കേജ് എന്ന കോഴ്സുമായി തുല്യതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സി.ഇ.ഒ, കൈറ്റ്, തിരുവനന്തപുരം.
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
N K Sheena
Date: 05-08-2026
21:11:47
സെക്ഷൻ ഓഫീസർ